ജയിൽ ആസ്ഥാന കാര്യാലയം
തിരുവനന്തപുരം-12

നമ്പർ 162/ക്യാമ്പ്/ഡി.ജി.പി.(പ്രിസൺസ്)/2014 തീയതി 01-09-2014

**<u>സർക്കുലർ 38/2014</u>**

എല്ലാ ജയിലുകളിലെയും അന്തേവാസികളെ ബാധിക്കുന്ന ഒരു പ്രധാന ആരോഗ്യ പ്രശ്നവും മനുഷ്യ ക്ഷേമം സംബന്ധിച്ച പ്രശ്നവുമാണ് കൊതുകുകളുടെ ആധിക്യം. കണ്ണൂർ സബ് ജയിൽ പോലെയുള്ള ജയിലുകളിൽ കൊതുകുശല്യം രൂക്ഷമായി കാണപെടുന്നു. മട്ടാഞ്ചേരി സബ് ജയിലിൽ സെല്ലുകളുടെ ജനാലകളിലും, വാതിലുകളിലും ശരിയായ രീതിയിൽ നെറ്റുകൾ ഘടിപ്പിച്ച് ആഫീസുകളിലും തടവുകാരുടെ സെല്ലുകളിലും, മുറികളിലും കൊതുകകളുടെ ആധിക്യം നല്ല രീതിയിൽ നിയന്ത്രിച്ചിട്ടുണ്ട്. കൊതുകുകൾ കൂടുതലുള്ള മറ്റ് ജയിലുകളിലും ഈ മാതൃക നടപ്പാക്കാവുന്നതാണ്. ഇത് നടപ്പാക്കുമ്പോൾ സെല്ലിന് അകം കാണാവുന്ന വിധത്തിലുള്ള നെറ്റുകൾ ഉപയോഗിക്കേണ്ടതാണ്. മാത്രമല്ല നെറ്റുകൾ പൊടിപിടിച്ച് സെല്ലുകളിലെ കാഴ്ച മറയ്ക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ടി.പി. സെൻകുമാർ ഐ.പി.എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ്
ആൻറ് കറക്ഷണൽ സർവ്വീസസ്

എല്ലാ മേഖലാ ഡി.ഐ.ജി.മാർക്കും/
എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും